LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രവർത്തനക്ഷമമായിട്ടുള്ളത് - 253 എണ്ണം

റോഡ് പ്രവൃത്തിമൂലം അഴിച്ചുവച്ചിരിക്കുന്നതും അപകടമുണ്ടായതിനെത്തുടർന്ന് പ്രവർത്തന രഹിതമായത് - 139 എണ്ണം

മോഷണം പോയത് - 1 എണ്ണം

(സി) മൂന്ന് കേസ്സുകളിൽ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രതികളുപയോഗിച്ച വാഹനങ്ങളെയും റോഡപകടങ്ങൾ നടത്തിയിട്ട് നിർത്താതെപോയ വാഹനങ്ങളെയും അവ ഓടിച്ചവരെയും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ക്യാമറകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, കേടായ ക്യാമറകളുടെ വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് അവ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുമുണ്ട്.

(ഇ) ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ രാത്രികാലങ്ങളിലെ ഫോട്ടോകൾക്ക് വ്യക്തത കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ക്യാമറകളുടെ പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പ്രവർത്തന വീഴ്ചമൂലം ക്യാമറകൾ തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്യാമറകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും കേടായ ക്യാമറകളുടെ വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് അവ നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

മാവോയിസ്റ്റ് പ്രവർത്തനം

212 (1956) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് പ്രവർത്തനം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൻ പ്രകാരം എത്ര പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 126 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടില്ല.

പാസ്പോർട്ട്-ഓൺലൈൻ വെരിഫിക്കേഷൻ

213 (1957) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് കഴിയാത്തത് എന്തുകൊണ്ടാണ് ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്;

(സി) പാസ്പോർട്ട് വിതരണം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലകളിലും ഓൺലൈൻ പോലീസ് വെരിഫിക്കേഷൻ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനും യഥാസമയം വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്.

(ബി) കോട്ടയം, കാസർഗോഡ്, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ, പാലക്കാട്, കോഴിക്കോട് റൂറൽ, ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്.

(സി) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരിക യാണ്.

വാഹനാപകടങ്ങൾ

214 (1958) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly